JAGRATHA 120

Vol-4, N0:1
12-01-2010

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

(ഇന്റർനെറ്റ് വാർത്താമാധ്യമം)

## കത്തോലിക്കാസഭയും പരിസ്ഥിതിസംരക്ഷണവും

മനുഷ്യനും പ്രകൃതിയും തമ്മിൽ ഗാഢമായ ബന്ധമുണ്ട്. ഈ ബന്ധം പ്രകൃതിദത്തമാണ്. ജീവന്റെ നിലനിൽപ്പിന് ഈ ബന്ധത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കുക അനിവാര്യമാണ്. ജീവൻ നിലനിർത്തുന്നതിന് ആവശ്യമായ വായുവും, വെള്ളവും, ആഹാരവും ലഭ്യമാകുന്നതും പ്രകൃതിയിൽ നിന്നാണ്. എന്നാൽ പ്രകൃതിദത്തമായ ഈ ബന്ധത്തെ അറുത്തു മുറിക്കുന്ന മനുഷ്യന്റെ അത്യാഗ്രഹവും പുത്തൻ ആഗോള സമ്പദ്‌വ്യവസ്ഥിതിയും പ്രകൃതിയെ ഒരു ഉപഭോഗവസ്തുവായി കണ്ട് അതിനെ ചൂഷണം ചെയ്യാൻ തുടങ്ങിയതോടെ മനുഷ്യൻ പ്രകൃതിയിൽ നിന്നും അന്യവല്ക്കരിക്കപ്പെട്ടു തുടങ്ങി. പ്രകൃതിയെ സംരക്ഷിക്കേണ്ട മനുഷ്യൻ അതിന്റെ ശത്രുവായി മാറി. വായുവും ജലസ്രോതസ്സുകളും ആഹാരവും മലിനീകരിക്കപ്പെട്ടു. സർവ്വമേഖലകളിലും പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾ ഇന്ന് വ്യാപകമാണ്. ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ മനുഷ്യകേന്ദ്രീകൃതമായ(anthropocentric) ദൈവശാസ്ത്രകാഴ്ചപ്പാട് കാരണമായിട്ടുണ്ട്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഭൂമിയെ ഭരിക്കുവാനും കീഴടക്കുവാനും നിയുക്തനാണ് എന്നത് ബൈബിൾ വീക്ഷണത്തിന് നൽകിയ തെറ്റായ വ്യാഖ്യാനമാണ്. ഇതിനു കൂടുതൽ പരിസ്ഥിതി സൗഹൃദപരമായ (ecofriendly) ഒരു പുനർവായനയ്ക്ക് ഇന്ന് സഭയും ദൈവശാസ്ത്രവും നേതൃത്വം നൽകുന്നുണ്ട്.

ഭാഗ്യസ്മരണാർഹനായ പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1990 ജനുവരി 1-ാം തീയതി ലോകസമാധാനദിനസന്ദേശത്തിൽ, മനുഷ്യന്റ സമാധാനജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു ധാർമ്മിക പ്രശ്നമായി പരിസ്ഥിതി പ്രശ്നങ്ങളെ വിലയിരുത്തുകയുണ്ടായി. സഭാജീവിതത്തിൽ ഒരുപുത്തൻ പരിസ്ഥിതി ബോധവും (ecological awareness) പരിസ്ഥിതിസൗഹൃദബോധവും വളർത്തിയെടുക്കേണ്ടതുണ്ടെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഇന്നു ലോകം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ദൈവശാസ്ത്രപരവും പ്രായോഗികവുമായ തലങ്ങളിൽ സഭയുടെ നിലപാട് വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ.

### മനുഷ്യനും പ്രകൃതിയും ബൈബിളിൽ

മനുഷ്യനേയും പ്രകൃതിയേയും സംബന്ധിച്ചുളള ബൈബിൾ ദർശനം വളരെ പ്രധാനപ്പട്ട ഒരു വിഷയമാണ്. ഈ ദർശനത്തിന്റെ ശരിയായ വായനയല്ല. തെറ്റായ വായനയും ചരിത്രത്തിൽ നടന്നിട്ടുണ്ട്. പ്രപഞ്ചസൃഷ്ടിക്കുശേഷം ദൈവം എല്ലാം മനോഹരമാണെന്നു കണ്ടു. മറ്റു ജീവജാലങ്ങളെയെല്ലാം ദൈവം വാക്കുകൊണ്ടു സൃഷ്ടിച്ചപ്പോൾ (ഉൽപ. 1:24) മനുഷ്യനെ മണ്ണിൽനിന്നും തന്റെ കരവേലയുടെ ഫലമായി തന്റെ തന്നെ രൂപത്തിലും ഛായയിലും സൃഷ്ടിച്ചു. (ഉൽപ 1, 6). അവിടുന്ന് തന്റെ ജീവശ്വാസം നൽകിയതുവഴിയാണ് അവൻ ജീവാത്മാവാ

യത്. (ഉൽപ 2:7) സമസ്തസൃഷ്ടികളുടേയും മേൽ അവനു അധികാരം നൽകി. (ഉൽപ 1:26). മനുഷ്യനെ സൃഷ്ടിച്ച് പറുദീസയിലാക്കിയതിനു ശേഷം അതിലെ കായ്കനികൾ ഉപയോഗിക്കുവാനും അതിനെ സംരക്ഷിക്കുവാനും (ഉൽപ 2:15)ദൈവം അവനു നിർദ്ദേശം നൽകി. മനുഷ്യകേന്ദ്രീകൃതമായ (anthropocentric) ഒരു സമീപനമാണ് ഇവിടെയുളളതെന്ന് പറയാം. പ്രപഞ്ചത്തിന്റെ മകുടവും കേന്ദ്രവുമായിട്ടാണ് ഈ കാഴ്ചപ്പാട് മനുഷ്യനെ അവതരിപ്പിക്കുന്നത്. എന്നാൽ പ്രപഞ്ചത്തിൽനിന്നും അന്യവല്കരിക്കപ്പെട്ട മനുഷ്യൻ അതിനെ ശത്രുവായി കണ്ട് കീഴടക്കുവാനും കൊളളയടിക്കുവാനും വരുതിയിലാക്കുവാനും ശ്രമിച്ചു.

## മനുഷ്യകേന്ദ്രീകൃത ദർശനവും ആഗോളവൽക്കരണവും

ക്രൈസ്തവികത ഉടലെടുത്തത് ഏഷ്യയിലെ മണ്ണിലാണെങ്കിലും അതിന് അടുക്കും ചിട്ടയും കാഴ്ചപ്പാടും കൈവന്നത് പാശ്ചാത്യസംസ്ക്കാരത്തിലാണെന്നു പറയാം. മുമ്പ് സൂചിപ്പിച്ച മനുഷ്യകേന്ദ്രീകൃമായ പ്രപഞ്ചദർശനവും രൂപപ്പെട്ടത് പാശ്ചാത്യസംസ്ക്കാരത്തിലാണ്. അധിനിവേശ കാലഘട്ടത്തിൽ പാശ്ചാത്യസംസ്ക്കാരവും ലോകത്തിന്റെ ഇതരഭാഗങ്ങളിലേക്കു വ്യാപിച്ചു. പ്രപഞ്ചം അനന്തമായ ഊർജ്ജസ്രോതസ്സാണെന്നും അതിനെ ഉപയോഗപ്പെടുത്തുകയും ആവശ്യമുളളവർക്ക് വിതരണം ചെയ്യുകയും വേണം എന്നുമുളള പ്രപഞ്ചദർശനവും ഇന്ന് കാണുന്ന ആഗോളവല്ക്കരണസംസ്ക്കാരത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ആഗോളവല്ക്കരണത്തിലൂടെ ലോകം കൈവരിച്ച സാമ്പത്തിക സാംസ്ക്കാരിക നേട്ടങ്ങൾ അവസാനിക്കുന്നില്ല. മറിച്ച് ഇവിടെ സംഭവിച്ച വ്യവസായവല്ക്കരണവും ആഗോളവല്ക്കരണവും കുറെക്കൂടി പ്രകൃതി സൗഹാർദ്ദപരമാകണമായിരുന്നു എന്ന് സൂചിപ്പിക്കുകമാത്രം ചെയ്യുന്നു. ഈ അടുത്ത കാലത്ത് അമേരിക്കൻ സംസ്ഥാനങ്ങളായ അലബാമ, ഫ്ളോറിഡ, മിസ്സിസിപ്പി, ടെക്സാസ് തുടങ്ങിയ സംസ്ഥാനങ്ങളെ വിറപ്പിച്ച ചുഴലികൊടുങ്കാറ്റുകളായ 'റീത്ത'യും 'കത്രീന'യും ഏഷ്യൻ വൻകരയിൽ നാശം വിതച്ച സുനാമിയുമെല്ലാം പ്രകൃതിയുടെമേൽ മനുഷ്യൻ നടത്തുന്ന അതിക്രമങ്ങളുടെ പ്രതികരണമല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നിന്റെ പരിസ്ഥിതിപ്രശ്നങ്ങളും അടിയ്ക്കടി ലോകത്തിൽ ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും പ്രകൃതി-മനുഷ്യബന്ധത്തെ സംബന്ധിച്ച് ഒരുപുനർവിചിന്തിനവും പ്രയോഗിക നടപടികളും ആവശ്യപ്പെടുന്നുണ്ട്.

## പ്രകൃതി -മനുഷ്യബന്ധം ഒരു പുനർവിചിന്തിനം

ഇന്ന് മനുഷ്യന്റെ സ്വസ്ഥതയേയും സമാധാനജീവിതത്തേയും ബാധിക്കുന്ന ഒരു സാമൂഹ്യ പ്രശ്നമാണ് പരിസ്ഥിതി പ്രശ്നം. ഈ പ്രശ്നത്തെ ആഴമായി പഠിച്ച നിലപാടുകൾ ഏറ്റെടുക്കുവാനും പ്രായോഗിക പരിപാടികൾ ആവിഷ്കരിക്കുവാനും സഭയ്ക്ക് കടമയുണ്ട്. കാരണം സഭയുടെ ദർശനങ്ങൾക്കും നിലപാടുകൾക്കും ആഗോളപ്രസക്തിയുണ്ട്. മനുഷ്യനും പ്രകൃതിയും തമ്മിലുളള ബന്ധം പുനഃസ്ഥാപിക്കുക ഒരു ധാർമ്മിക ഉത്തരവാദിത്വമാണെന്ന് പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുകയുണ്ടായി. മനുഷ്യപ്രകൃതി ബന്ധത്തിന്റെ തകർച്ചയും അതുമൂലം ഉണ്ടാകുന്ന പ്രതിസന്ധികളും 'ഈശോ സഭ'യുടെ ആഗോള സമ്മേളനങ്ങളുടെ ഒരു പ്രധാനപ്പെട്ട ചർച്ചാ വിഷയവുമാണ്. മനുഷ്യനെ അവന്റെ എല്ലാ മഹത്വത്തോടും കൂടി പ്രപഞ്ചത്തിന്റെ ഭാഗമായിട്ട് കാണുവാനാണ് ഇന്ന് ദൈവശാസ്ത്രം ശ്രമിക്കുന്നത്. ഇത് ഒരു സാർവ്വത്രിക (holistic) ലോക സമീപനമാണ്. ഈ ദർശനത്തിൽ പ്രകൃതിവലയിലെ (ecological web) ഒരു നിർണ്ണായകകണ്ണിയായിട്ടാണ് മനുഷ്യനെ കാണുന്നത്. ദൈവത്തിന്റെ രൂപത്തിലും ഛായയിലും (ഉൽപ 1:26) സൃഷ്ടിക്കപ്പെട്ട മനുഷ്യന് പ്രപഞ്ചത്തിന്റെ മേൽ സർവ്വ അധികാരവും നൽകിയിട്ടുണ്ടെങ്കിൽ അതിനൊരു മറുപുറം കൂടിയുണ്ട്. ദൈവം മനുഷ്യനെ സൃഷ്ടിച്ച് പറുദീസയിലാക്കിയപ്പോൾ ഭൂമി ഉഴുതു തയ്യാറാക്കി ഫലം പുറപ്പെടുവിക്കാനും അതിന്റെ സംരക്ഷകനാകാനും (ഉൽപ 2:15) ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകാരിയാകാനും അവനെ നിയോഗിക്കുകയായിരുന്നു. പ്രപഞ്ചത്തിന്റെ നാഥൻ ദൈവമാണ്. മനുഷ്യൻ അതിന്റെ കാവൽക്കാരനും തോട്ടക്കാരനുമാണ്, ഉടമസ്ഥനല്ല. ദൈവഹിതമനുസരിച്ച് ആവശ്യത്തിന് ഉപയോഗിച്ചുകൊണ്ട് ഈ പ്രപഞ്ചത്തെ പരിപാലിക്കുവാനും സംരക്ഷിക്കുവാനു

മുള്ള നിയോഗമാണ് മനുഷ്യനു കിട്ടിയിരിക്കുന്നത്. അങ്ങനെ സ്നേഹസമ്പന്നനായ ദൈവത്തിനു വിശ്വസ്ത ദാസനായ മനുഷ്യൻ ചെയ്യുന്ന ഒരു ശുശ്രൂഷയാണ് പ്രകൃതി സംരക്ഷണം. പ്രകൃതി സംരക്ഷണപ്രവർത്തനങ്ങൾ ഫലപ്രദമാകണമെങ്കിൽ പ്രായോഗിക ചിന്തകളും പരിപാടികളും ആവശ്യമാണ്. പരിസ്ഥിതി സംബന്ധമായ നിരവധി പ്രയോഗിക ചിന്തകൾ ഇന്ന് സഭയ്ക്കുള്ളിലും സഭയ്ക്ക് വെളിയിലും കാണാം. നല്ല ചിന്തകൾ ഏതു ഭാഗത്തുനിന്നാണെങ്കിലും അവ സത്യത്തിന്റെ വഴികളാണ്. പരിസ്ഥിതി പ്രധാനമായ ഏതാനും പ്രയോഗികചിന്തകളാണ് ഇവിടെ കാണാൻ ശ്രമിക്കുന്നത്.

## പരിസ്ഥിതി ദൈവശാസ്ത്രം

ആധുനിക ദൈവശാസ്ത്രരംഗത്ത് ഏറെ സ്വാധീനം ചെലുത്തുന്ന ഒരു ചിന്താധാരയാണ് പരിസ്ഥിതി ദൈവശാസ്ത്രം. പ്രകൃതിയിൽ സ്രഷ്ടാവ് ക്രമീകരിച്ചിരിക്കുന്ന സംതുലിതാവസ്ഥ തകിടം മറിക്കുന്ന രീതിയിൽ ആധുനിക മനുഷ്യൻ സ്വാർത്ഥലാഭത്തിനായി പ്രകൃതിയെ ചൂഷണം ചെയ്യുന്നതിലൂടെ അപകടപരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കുന്നു. ആഗോളതാപനം, ഗ്രീൻഹൗസ് ഇഫക്ട്, ഓസോൺപാളികളിലെ വിള്ളൽ, ഭൂജല സ്രോതസ്സുകളുടെ മലിനീകരണം, തുടങ്ങിയ പ്രശ്നങ്ങളുടെ ഗൗരവം മനസ്സിലാക്കിയപ്പോൾ പ്രകൃതിസ്നേഹികൾ കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രതികരിക്കുവാൻ തുടങ്ങി. പ്രകൃതിയെ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണെന്ന ചിന്ത പ്രബലമാകുന്നതിനു ഇതു കാരണമായി. ഈ ചിന്ത ദൈവീകമാണ് എന്നും ബൈബിൾമൂല്യങ്ങളിൽ അടിസ്ഥാനമാക്കിയുള്ളതാണ് എന്നുള്ള തിരിച്ചറിവ് ഒരു പുതിയ ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും (പരിസ്ഥിതി ദൈവശാസ്ത്രവും) ഉടലെടുക്കുന്നതിനു കാരണമായി. ലളിതജീവിതം, പ്രകൃതിജീവിതം, അഹിംസാത്മകത, വറ്റിപ്പോകുന്ന പ്രകൃതി വിഭവങ്ങളുടെ നിയന്ത്രിത ഉപയോഗം, പാഴ്‌വസ്തുക്കളുടെ പുനഃചക്രമണം, പ്രകൃതിയ്ക്കിണങ്ങിയ കൃഷി, തുടങ്ങിയവയെല്ലാം ഈ ആദ്ധ്യാത്മികതയുടെ പ്രയോഗിക ഭാവങ്ങളാണ്. പ്രകൃതിയിൽ നിന്നും കുറച്ച് എടുത്ത് കൂടുതൽ കൊടുക്കുന്ന ആത്മിയതയാണ് പരിസ്ഥിതിബന്ധിയായ ആദ്ധ്യാത്മികത(eco - spirituality). പരിസ്ഥിതിബന്ധിയായ പ്രവർത്തനങ്ങൾ അക്കാരണത്താൽ തന്നെ ക്രിസ്തീയ ആത്മീയ പ്രവർത്തനങ്ങായി കണ്ടുതുടങ്ങിയിട്ടുണ്ട്.

## സാമൂഹിക പരിസ്ഥിതി ശാസ്ത്രം (Social Ecology)

പ്രസിദ്ധ ഫ്രഞ്ച് ഭൗമ ശാസ്ത്രജ്ഞനായ എലിസി റിക്ലസ് (Elisee Reclas) നിർദ്ദേശിച്ച ഒരു ചിന്താധാരയാണ് സാമൂഹിക പരിസ്ഥിതി ശാസ്ത്രം. ഇന്ന് കാണുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് മൂലകാരണം ശ്രേണീബന്ധമായ ചില സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങളാണ്. എന്നാൽ ഇവയെ ഉന്മൂലനം ചെയ്യുവാൻ നടക്കുന്ന പല വ്യക്തിപരമായ പരിശ്രമങ്ങളും ഇന്ന് അത്രകണ്ട് ഫലദായകമാകണമെന്നില്ല. ജനാധിപത്യപരമായ മൂല്യങ്ങളിൽ ഉറച്ചുനിന്ന് കൊണ്ടുള്ള സംഘാതമായ പ്രവർത്തനങ്ങളാണ് മെച്ചപ്പെട്ട പരിഹാര മാർഗ്ഗങ്ങൾ. പരിസ്ഥിതിയ്ക്ക് കോട്ടം വരുത്തുന്ന സംവിധാനങ്ങളെ ജനാധിപത്യമൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് സംഘാതമായി നേരിട്ട് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു പരിസ്ഥിതി സംവിധാനത്തിനായി സാമൂഹിക പരിസ്ഥിതിവാദികൾ പരിശ്രമിക്കുന്നു.

## ഹരിതരാഷ്ട്രീയം (Green politics)

പരിസ്ഥിതിസംരക്ഷണത്തിന് ഊന്നൽനൽകി വളർന്നുവരുന്ന രാഷ്ട്രീയശാഖയാണ് ഹരിതരാഷ്ട്രീയം. 1892- ൽ സാൻഫ്രാൻസിസ്കോയിലാരംഭിച്ച സിയേറക്ലസ് (Sierra clus) ആണ് ഇതിനു നിദാനമെന്നു പറയാം. പ്രാദേശിക പശ്ചാത്തലവും അവിടുത്തെ ജനങ്ങളുടെ ജീവിതരീതിയും, ഗാന്ധിജി, സ്പിനോസ തുടങ്ങിയവരുടെ ചിന്തകളും അടിസ്ഥാനമാക്കി രൂപപ്പെട്ടിട്ടുള്ള ഒരു സാമൂഹ്യ മുന്നേറ്റമാണ് ഹരിത രാഷ്ട്രീയമായി വളർന്നു വന്നത്. അമേരിക്കൻ ഐക്യനാടുകളിലും യൂറോപ്യൻ രാജ്യങ്ങളിലും പരിതരാഷ്ട്രീയത്തിന് ശക്തമായ വേരോട്ടമു

ണ്ട്. അവിടെയൊക്കെ പരിതരാഷ്ട്രീയ പാർട്ടികൾ തന്നെയുണ്ട്. പരിസ്ഥിതിയെ ചൂഷണം ചെയ്തുകൊണ്ടുള്ള വികസനപരിപാടികൾക്കുപകരം പരിസ്ഥിതി സൗഹൃദമായ ഒരു വികസന മാതൃകയാണ് ഹരിത രാഷ്ട്രീയക്കാർ മുന്നോട്ടു വയ്ക്കുന്നത്. പരിസ്ഥിതി ചിന്തകളും ജനാധിപത്യമൂല്യങ്ങളും അവർ തന്മയത്വത്തോടെ കൂട്ടിയിണക്കുന്നു.

## ഗാഢപരിസ്ഥിതി വാദം (Deep Ecology)

ഈ കാലഘട്ടത്തിൽ വളർന്നുവന്ന പരിസ്ഥിതി ചിന്തയുടെ ഒരു ശാഖയാണ് ഗാഢപരിസ്ഥിതിവാദം (Deep Ecology). മനുഷ്യനെ പരിസ്ഥിതിയുടെ ഭാഗമായിട്ടാണ് ഈ ചിന്താഗതിക്കാർ കാണുന്നത്. പ്രപഞ്ചത്തിലെ മനുഷ്യേതരജീവിജാലങ്ങളുടെ നിലനിൽപ്പിനും സംരക്ഷണത്തിനും ഇക്കൂട്ടർ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. പ്രപഞ്ചത്തിലെ വരാനിരിക്കുന്ന ജീവജാലങ്ങൾക്കും മനുഷ്യനുള്ളതുപോലെതന്നെ വളരാനും വികസിക്കാനും അവകാശമുണ്ട് എന്നിവർ വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നു. പ്രകൃതിയെ സംബന്ധിച്ച ചില അടിസ്ഥാന കാഴ്ചപ്പാടുകൾ ഇവർക്കുണ്ട്. നോർവിജിയൻ ചിന്തകനായ ആർന്നേന്യസ് (Arne Naiss) 1973- ലാണ് ഈ പദം ആദ്യമായി പ്രചാരത്തിൽ കൊണ്ടുവന്നത്. തോമസ് ബെറി (Thomas Berry), ലിയോണാർഡ് ബോഫ് (Leonard Boff), മാർട്ടിൻ ഹൈഡകർ (Martin Heidegger) തുടങ്ങിയവരാണ് ഈ ചിന്താഗതിയുടെ മറ്റു ചില പ്രമുഖ വക്താക്കൾ. പരിസ്ഥിതിയെ സംബന്ധിച്ച കുറെ അറിവുകൾ കൊണ്ട് മാത്രം പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ആഴമുള്ള അനുഭവങ്ങളോടെ തീവ്രമായ അന്വേഷണവും സംപൂർണ്ണമായ സമർപ്പണവും പരിസ്ഥിതി സംബന്ധിയായ പ്രശ്നങ്ങൾക്ക് ആവശ്യമാണ് എന്ന് ഇക്കൂട്ടർ വാദിക്കുന്നു.

## പരിസ്ഥിതിവാദം (Environmentalism)

പ്രകൃതിയേയും അതിന്റെ സ്വത്തിനേയും സംരക്ഷിക്കാനുള്ള ഒരു സാമൂഹിക പ്രസ്ഥാനമാണ് പരിസ്ഥിതിവാദം. ഇവർ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ സ്വാധീനിച്ചും, ദൃശ്യശ്രാവ്യ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയും സമൂഹത്തിൽ സംവാദങ്ങളും ചർച്ചകളും നടത്തിയുമാണ് തങ്ങളുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കുക. ഈ പ്രസ്ഥാനത്തിന്റെ തുടക്കം യൂറോപ്പിലുണ്ടായ വ്യാവസായികവിപ്ലവത്തോടനുബന്ധിച്ചാണ്. വ്യവസായവിപ്ലവത്തിന്റെ പരിണിതഫലമായി വെള്ളവും വായുവും മലിനപ്പെട്ടു. അമേരിക്കയിൽ (1739)ബെഞ്ചമിൻ ഫ്രാങ്കിളിന്റെ നേതൃത്വത്തിൽ ഫിലാഡെൽഫിയായിൽ ആളുകൾ ഒരുമിച്ചുകൂടി പരിസരമലിനീകരണത്തിനെതിരായി രംഗത്തിറങ്ങി. വികസിത രാജ്യങ്ങളിൽ പരിസ്ഥിതിവാദം ഇന്ന് വളരെ ശക്തമാണ്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പരിസരമലിനീകരണത്തിനെതിരായി നീക്കങ്ങൾ നടക്കുന്നുണ്ട്. ലോകം ഇന്ന് കൈവരിച്ചിട്ടുള്ള നേട്ടങ്ങളേയും ശാസത്രപുരോഗതിയേയും പരിസ്ഥിതിവാദികൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ അതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന ജൈവഹത്യപരമായ അപകടത്തെ പരിസ്ഥിതിവാദികൾ ശ്രദ്ധയോടെ വീക്ഷിക്കുകയും ആവശ്യമുള്ളിടത്ത് ചെറുത്തുനില്പ് നടത്തുകയും ചെയ്യുന്നു.

## പരിസ്ഥിതി സ്ത്രീവാദം (Ecofeminism)

സ്ത്രീയേയും പ്രകൃതിയേയും ചൂഷണം ചെയ്യുന്ന സാമൂഹിക വ്യവസ്ഥിതിയിലെ സമാനതകൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനമാണ് പരിസ്ഥിതി സ്ത്രീവാദം. 1974- ൽ ഫ്രാൻസ്വദ് ഓവ്ബെൺ (Francoise d' Eaubenne) എന്ന ഫ്രഞ്ച് തത്ത്വചിന്തകനാണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്. പരിസ്ഥിതിയേയും സ്ത്രീയേയും അടിപ്പെടുത്തുന്ന സാമൂഹിക വ്യവസ്ഥിതിയ്ക്ക് ഏറെ സമാനതകൾ ഉള്ളതായി പരിസ്ഥിതി സ്ത്രീവാദികൾ വിശ്വസിക്കുന്നു. പുരുഷമേധാവിത്വം മൂലമുണ്ടാകുന്ന പരിസ്ഥിതി ചൂഷണവും സ്ത്രീചൂഷണവും പഠനവിധേയമാക്കി വേണ്ട നിലപാടുകളെടുക്കുന്നതിന് പരിസ്ഥിതി സ്ത്രീ വാദികൾ ഉത്സുകരാണ്. ഭൂമിയുടേതുപോലെ സ്ത്രീയുടേയും സംരക്ഷണം പുരുഷമേധാവിത്വത്തിലുള്ള സമൂഹങ്ങളിൽ പുരുഷനാണ്. ഈ

മേധാവിത്വം ശരിയായി ഉപയോഗിക്കുന്നിടത്ത് പ്രശ്നങ്ങളില്ലായിരിക്കാം. എന്നാൽ ദുരുപയോഗിക്കുന്നിടത്ത് പ്രതിസന്ധികളുണ്ട്. പുരുഷന്റെ സ്ത്രീയോടും പ്രകൃതിയോടുമുള്ള ക്രൂരതയ്ക്കും കടന്നാക്രമണത്തിനും സമാനതകളുണ്ട്. കെനിയായിൽ വിദേശാധിപത്യം വന്നപ്പോൾ സാധാരണകർഷകരുടെ കൃഷിസ്ഥലങ്ങളിൽ വൻകിട ഫാക്ടറികൾക്കായി തോട്ടങ്ങൾ വച്ചുപിടിപ്പിച്ചു. അവയെ സംരക്ഷിക്കാനായി അനേകം കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്തു. അങ്ങനെ കുടിയൊഴിപ്പിക്കപ്പെട്ടവർ ഫലഭൂയിഷ്ഠമല്ലാത്ത സ്ഥലങ്ങളിൽ ചെടികൾ നശിപ്പിച്ച് കുടിലുകൾ കെട്ടി താമസിക്കാനും കൃഷിചെയ്യാനും തുടങ്ങിയതിന്റെ ഫലമായി മണ്ണൊലിപ്പുണ്ടായി. ഈ പ്രക്രിയകൾ ഏറ്റവും അധികം ബാധിച്ചത് സ്ത്രീസമൂഹത്തെയാണ്. ഇത്തരത്തിൽ പുരുഷമേധാവിത്വം പരിസരമലിനീകരണത്തിനും സ്ത്രീചൂഷണത്തിനും കാരണമാണെന്ന് പരിസ്ഥിതി സ്ത്രീവാദികൾ വിശ്വസിക്കുന്നു. സ്ത്രീവിമോചനത്തിനായി അവർ ആഗോളതലത്തിൽ രാഷ്ട്രീയമായും സാമൂഹികമായും വാദിക്കുകയും ചെയ്യുന്നു. പരിസ്ഥിതി സ്ത്രീവാദികളുടെ ആശയങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഇന്ത്യയിലും ഇന്ന് ശക്തമായ വേരോട്ടമുണ്ട്.

## സഭയും പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളും

എല്ലാ പ്രായോഗികപരിപാടികൾക്കും ആദർശപരമായ ഒരു അടിത്തറയുണ്ടാകണം. പരിസ്ഥിതി സംബന്ധമായ ചിന്തകൾ പ്രാവർത്തികമാക്കി ദൈവരാജ്യം അനുഭവമാക്കി മാറ്റുക എന്ന ഉത്തരവാദിത്വമാണ് സഭയ്ക്കുള്ളത്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പ്രസ്ഥാനങ്ങളും തന്നെ രൂക്ഷമായ പ്രതിസന്ധികളിൽ നിന്നും ഉടലെടുത്ത ജനകീയ പ്രസ്ഥാനങ്ങളാണ്. അവയിൽ ഒട്ടു മിക്കതും സഭയുടെ പരിധിയ്ക്കുള്ളിൽ വരുന്നവയുമല്ല. എന്നാൽ ശക്തമായ ജനകീയ വേരോട്ടമുള്ള പ്രസ്ഥാനങ്ങളിന്നുണ്ട്. ഇന്ന് സഭയുടെ സാമൂഹ്യ പ്രവർത്തനമണ്ഡലം വിപുലീകരിക്കേണ്ടതുണ്ട്. അന്യ സഭകളേയും നല്ല പ്രസ്ഥാനങ്ങളേയും ഉൾക്കൊള്ളാനും ഒത്തുപ്രവർത്തിക്കാനും കഴിഞ്ഞാലേ സഭയ്ക്ക് വരും കാലങ്ങളിൽ സമൂഹത്തെ സ്വാധീനിക്കാനും ഫലപ്രദമായി പ്രവർത്തിക്കുവാനും കഴിയുകയുള്ളൂ. കാരണം ദൈവരാജ്യസ്ഥാപനം സഭയുടെ മാത്രം ദൗത്യമല്ല. എല്ലാ ജനവിഭാഗങ്ങളും പങ്കെടുക്കേണ്ട പ്രക്രിയയാണത്. ദൈവരാജ്യപ്രക്രിയയിൽ ആരെല്ലാം പങ്കെടുക്കുന്നുവോ അവരൊക്കയുമായി ഒത്തുപ്രവർത്തിക്കുമ്പോൾ അതിന് ഒരു ദൈവീകമാനവും ക്രിസ്തീയ മാനവുമുണ്ടാകുന്നു. പ്രകൃതി സംരക്ഷണ സംബന്ധമായ സഭയുടെ പ്രവർത്തനങ്ങളെ ഈവിധത്തിൽ കാണേണ്ടതുണ്ട്. ഇപ്രകാരം സഭയ്ക്ക് സഹകരിച്ച് പ്രവർത്തിക്കാവുന്ന പ്രസ്ഥാനങ്ങളും മേഖലകളും ഏവയെന്നു നോക്കാം.

## പരിസ്ഥിതി സംരക്ഷണ സംഘടനകൾ

ഇന്ത്യയ്ക്ക് അകത്തും വെളിയിലുമായി പരിസ്ഥിതി സംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന നിരവധി സംഘടനകളുണ്ട്. ഇന്ത്യയിലെ തന്നെ അന്തർദ്ദേശീയനിലവാരമുള്ള ഏകദേശം ഇരുപത്തിയാറ് സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഏതാനും ചിലതിനെക്കുറിച്ച് മാത്രം താഴെ സൂചിപ്പിക്കുന്നു.

### 1. ഇന്ത്യൻ പരിസ്ഥിതി സംഘടന (Indian Environmental Society)

1972 മുതൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് IES. പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യം, പരിസ്ഥിതി വിജ്ഞാനവ്യാപനം, മാലിന്യസംസ്ക്കരണം, പരിസ്ഥിതി സംബന്ധിയായ സാങ്കേതികവിദ്യയുടെ വികസനം തുടങ്ങിയ രംഗങ്ങളിലെല്ലാം ഈ സംഘടന പ്രവർത്തിക്കുന്നു.

### 2. പരിസ്ഥിതി വനമന്ത്രാലയം (Ministry of Environment & Forest)

പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണിത്. United Nations Environmental Programme(UNEP) ആയിട്ടു ബന്ധപ്പെട്ടും സഹകരിച്ചുമാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

### 3 പരിസ്ഥിതി വികസന നേതൃത്വപരിശീലന സമിതി

പരിസ്ഥിതി സംബന്ധമായ അറിവും പരിസ്ഥിതി പ്രവർത്തനങ്ങളിൽ നേതൃത്വവും വളർത്തിയെടുക്കുന്ന

തിനുവേണ്ടിയുള്ള ഒരുസംഘടനയാണിത്. കഴിഞ്ഞപതിനാലു വർഷത്തെ പ്രവർത്തനഫലമായി നിരവധി പ്രഗല്ഭരായ വ്യക്തികളെ ഈ രംഗത്ത് വളർത്തിയെടുത്തിട്ടുണ്ട്.

## പ്രയോഗികപ്രവർത്തനങ്ങൾ സഭാ സംവിധാനത്തിലൂടെ

സഭാസംവിധാനം എന്നുപറയുമ്പോൾ സഭയ്ക്കും സഭയുടെ മറ്റു പ്രസ്ഥാനങ്ങൾക്കും സമൂഹത്തിലുള്ള സ്വാധീനവും അതിന്റെ സംഘടനാശേഷിയുമാണ് ചിന്തയിലുള്ളത്. സഭാസംവിധാനങ്ങളിലൂടെ പരിസ്ഥിതി സംബന്ധിയായ പ്രശ്നപരിഹാര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സഭയ്ക്കു സാധിക്കും. പല തട്ടുകളിലൂടെയാണ് പ്രായോഗികപ്രവർത്തനങ്ങളിൽ സഭയ്ക്ക് ഇടപെടാൻ സാധിക്കുക.

### ബോധവൽക്കരണം, പരിസ്ഥിതിപ്രശ്നം

സമൂഹത്തെ ബാധിച്ചിരിക്കുന്ന ഒരു വലിയ പ്രതിസന്ധിയാണ് പരിസ്ഥിതി പ്രശ്നമെന്ന അവബോധം സഭയുടെ എല്ലാ തലങ്ങളിലും വളർന്നു വരേണ്ടതുണ്ട്. പരിസ്ഥിതി പ്രശ്നങ്ങളോട് സഭ ഇന്നേവരെ പുലർത്തിയിരുന്നത് ഒരുതരത്തിലുള്ള നിസംഗഭാവമാണ്. പരിസ്ഥിതി പ്രശ്നങ്ങളേക്കുറിച്ച് വിശദമായി പഠിക്കുക, ശാസ്ത്രീയമായ പ്രതിവിധികൾ കണ്ടെത്തുക തുടങ്ങിയവ സഭയുടെ സംവിധാനത്തിൽ ഇന്ന് നടക്കേണ്ടിയിരിക്കുന്നു. ഇടയലേഖനങ്ങൾ, ഇടവകാതലത്തിലും സ്കൂൾ കോളേജ് തലത്തിലുമുള്ള പ്രത്യേക പരിപാടികൾ, വാർത്താമാധ്യമങ്ങൾ തുടങ്ങിയവയിലൂടെ സഭാംഗങ്ങളെ ബോധവൽക്കരിക്കുവാൻ സാധിക്കണം.

### പ്രായോഗിക പ്രവർത്തനങ്ങൾ

ബോധവൽക്കരണത്തോടൊപ്പം സഭാസംവിധാനങ്ങളുപയോഗിച്ച് പ്രായോഗികപ്രവർത്തനങ്ങളും ചെയ്യുവാൻ സാധിക്കും. പ്രയോഗിക പരിപാടിൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുന്നത് അതാത് രൂപതകൾക്കാണ്. ഓരോ രൂപതയ്ക്കും ഒരു പരിസ്ഥിതി കാര്യാലയം ഉണ്ടാകുന്നത് നല്ലതാണ്. പരിസ്ഥിതി സംബന്ധമായ സാങ്കേതികവിദ്യാഭ്യാസം ലഭിച്ച വ്യക്തികളെ അതിന്റെ ചുമതല ഏൽപിച്ചാൽ രൂപതാതലത്തിൽ പരിസ്ഥിതി സംരക്ഷണം കൂടുതൽ ഫലപ്രദമായി ചെയ്യുവാൻ സാധിക്കും. രൂപതയുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഇടവകതലത്തിലും, സ്കൂൾ, കോളേജ്, സാങ്കേതി വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയായി തരംതിരിച്ച് ഓരോ സ്ഥാപനത്തിലും പരിസ്ഥിതി സംരക്ഷണത്തിനായി ഒരു പ്രവർത്തക യൂണീറ്റ് സ്ഥാപിക്കുകയും ചെയ്താൽ പരിസ്ഥിതി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി ചെയ്യുവാൻ കഴിയും. രൂപതാ പരിസ്ഥിതി കാര്യാലയത്തിന്റെ നേതൃത്വത്തിൽ അവയുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സാധിക്കണം.

പരിസ്ഥിതിയുടെ സംരക്ഷണം, മാലിന്യത്തിന്റെ സ്രോതസ്സുകളെ നിയന്ത്രിക്കൽ, കഴിയുംവിധം മാലിന്യ സംസ്ക്കരണം, മാലിന്യ പുനഃചംക്രമണം, പരിസ്ഥിതി മാലിന്യത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണം, മാലിന്യത്തെ തരംതിരിച്ച് ശേഖരിക്കൽ, മണ്ണിരവളം ഉല്പാദിപ്പിക്കൽ, പ്രകൃതിജീവിതം തുടങ്ങിയ മേഖലകളിൽ പരിസ്തിതി കാര്യാലയത്തിന് ശക്തമായ സ്വാധീനം ചെലുത്തുവാനും ആവശ്യമായ പരിശീലനം നൽകുവാനും സാധിക്കും. ഒരു പ്രദേശത്തെ മുഴുവൻ zero- waste മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് പ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദമാക്കുവാനും കഴിയും. പരിസ്ഥിതി സംബന്ധിയായ പ്രവർത്തനങ്ങളെ ആത്മീയ പ്രവർത്തനങ്ങളായി കാണുവാനുള്ള ബോധവൽക്കരണം രൂപതകളിലെ എല്ലാമേഖലകളിലും നടക്കേണ്ടതുണ്ട്. ഇതിനായി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ പരിസ്ഥിതി ദിനത്തിന്റെ ഉചിതമായ ആഘോഷം തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്.

### പുനർചംക്രമണം (Recycling)

ഗാർഹികമാലിന്യത്തിൽ 70 ശതമാനവും മണ്ണിൽ അലിഞ്ഞുചേരുന്നവയാണ്. എന്നാൽ പ്ലാസ്റ്റിക്, ഇരുമ്പ്, ഗ്ലാസ്സ് തുടങ്ങിയ മാലിന്യങ്ങൾ മണ്ണിൽ അലിഞ്ഞുചേരാത്തവയാണ്. ഇവയിൽ ചിലതൊക്കെ പുനഃചംക്രമണം ചെയ്ത് വീണ്ടും ഉപയോഗിക്കാവുന്നതാണ്. ഗ്ലാസ്സ്, ഇരുമ്പ്, തുടങ്ങിയവ ശരിയായ രീതിയിൽ അതിന്റേതായ

സ്ഥലത്ത് എത്തിച്ച് സംസ്ക്കരിച്ചെടുത്താൽ മറ്റു വസ്തുക്കളായി മാറ്റാവുന്നതാണ്. പൊതു സ്ഥലങ്ങളിൽ നിന്നുംശേഖരിക്കുന്ന പേപ്പർ മാലിന്യങ്ങൾ സംസ്ക്കരിച്ചെടുത്ത് ന്യൂസ് പ്രിന്റ് പോലുള്ള ഉപയോഗപ്രദമായ വസ്തുക്കളായി മാറ്റിയെടുക്കാൻ കഴിയും

## പ്ലാസ്റ്റിക് മാലിന്യങ്ങൾ

മാലിന്യങ്ങളിലെ വില്ലൻ പ്ലാസ്റ്റിക്കാണ്. വർഷങ്ങളോളം മണ്ണിൽ അലിയാതെ അവശേഷിക്കും എന്നതാണ് പ്ലാസ്റ്റിക്കിന്റെ അപകടം. പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയുവാനുള്ള നിയമനടപടികൾക്ക് ആക്കം കൂട്ടുക, നിലവിലുള്ള മലിനീകരണബോർഡിന്റെ നിയന്ത്രണങ്ങൾ പാലിക്കുക, പ്ലാസ്റ്റിക്കിന്റെ മാലിന്യസ്രോതസ്സുകൾ നിയന്ത്രിക്കുക തുടങ്ങിയ പരിപാടികൾ രൂപതയുടെ പരിസ്ഥിതി കാര്യാലയത്തിലൂടെ നടപ്പാക്കാനാവും. പ്ലാസ്റ്റിക് മാലിന്യങ്ങൾ വീണ്ടും ഉപയോഗിക്കുന്നതിന് ധാരാളം നല്ല ഉദാഹരണങ്ങളുണ്ട്. റൊട്ടി, പാൽ മുതലായവയുടെ കവറുകൾ പോളത്തീൻ ബാഗുകളിലാക്കി ചെടികൾ നടുന്നതിനും മറ്റും ഉപയോഗിക്കാവുന്നതാണ്. എറണാകുളത്ത് വൈറ്റിലയ്ക്കടുത്ത് സെന്റ് ജോർജ്ജ് ദേവാലയത്തിൽ ഒരുക്കിയിരിക്കുന്ന ലൂർദ്ദ് മാതാവിന്റെ ഗ്രോട്ടോ തെർമോകോൾ വച്ചുണ്ടാക്കിയവയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡ് ടാറിംഗിനും മറ്റും ഉപയോഗിക്കാവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കരുതലോടെ ചെയ്താൽ പല പ്ലാസ്റ്റിക് മാലിന്യങ്ങളും ഉപയോഗിച്ച് സോഫാകളും സെറ്റികളും മറ്റു ഉപകരണങ്ങളും ഉണ്ടാക്കാവുന്നതാണ്. ഇടവകാതലത്തിലും സ്കൂളുകളിലും കഴുകിവെടിപ്പാക്കാവുന്ന ഗ്ലാസ്സുകളും പാത്രങ്ങളും വാടകയ്ക്ക് നൽകുന്ന ഒരു സംവിധാനം ഉണ്ടായാൽ ആഘോഷാവസരങ്ങളിൽ പ്ലാസ്റ്റിക് കപ്പുകളും പാത്രങ്ങളും ഒഴിവാക്കാനാകും. ഇത്തരത്തിൽ സഭാസംവിധാനങ്ങളിലൂടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വ്യാപനം തടയുവാനുമാകും.

## മണ്ണിരവളം

അസ്ഥാനത്തുള്ള ധനമാണ് മാലിന്യം (Waste wealth in the wrong place) എന്നൊരുചൊല്ല് പരിസ്ഥിതി സംരക്ഷണമേഖലയിൽ സർവ്വസാധാരണമാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ ഗാർഹികമേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൽ 70 ശതമാനവും മണ്ണിൽ അലിഞ്ഞുചേരുന്നവയാണ്. മണ്ണിരയെ ഉപയോഗിച്ച് ഇതിൽ നല്ലൊരു ശതമാനവും ജൈവവളമാക്കി മാറ്റുവാൻ സാധിക്കും ഇതിനുള്ള സാങ്കേതികസഹായവും മറ്റും രൂപതാസംവിധാനത്തിലൂടെ ചെയ്യാവുന്നതാണ്.

## ജൈവഇന്ധനം

രാഷ്ട്രം ഇന്ന് നേരിടുന്ന ഇന്ധന പ്രതിസന്ധിയ്ക്ക് ജൈവ ഇന്ധനം നല്ലൊരു പരിഹാരമാണ്. ഗാർഹികതലത്തിലും നഗരങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൽ നല്ലൊരു പങ്കും വാതകഗ്യാസും മറ്റു സ്രോതസ്സുകളുമാക്കി മാറ്റാവുന്നതാണ്. ഇതിനുള്ള സാമ്പത്തികസഹായം നൽകുന്ന നിരവധി കേന്ദ്രസംസ്ഥാന സംവിധാനങ്ങളുണ്ട്. രൂപതാസംവിധാനം ഉപയോഗിച്ച് ഇതിനായുള്ള ബോധവൽക്കരണം നടതതുക, ഫണ്ട് ലഭ്യമാകുവാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ സംഘടനാതലത്തിൽ ചെയ്യാവുന്നതാണ്.

## ഉപസംഹാരം

പരിസ്ഥിതി പ്രതിസന്ധി ഒരാഗോളപ്രതിസന്ധിയായി മാറിയിരിക്കുകയാണ്. ഈ പ്രതിസന്ധിയെ വളരെ ലാഘവബുദ്ധിയോടെയാണ് എല്ലാവരും തന്നെയിന്ന് നോക്കിക്കാണുന്നത്. ആഗോളവൽക്കരണപ്രക്യയകളും ഈ പ്രതിസന്ധിയ്ക്ക് ആക്കം കൂട്ടുന്നുണ്ട്. 2050 ആകുമ്പോഴേക്കും ഭൂമിയിൽ ജീവന്റെ നിലനിൽപ്പ് അപകടത്തിലാകുമെന്ന് മുന്നറിയിപ്പുകൾ വന്നുതുടങ്ങി. അമേരിക്കൻ വൈസ് പ്രസിഡന്റായിരുന്ന അൽഗോർ എഴുതിയ 'The Earth is on a Balance' എന്ന ഗ്രന്ഥം ഈ മുന്നറിയിപ്പ് ശക്തമായി അവതരിപ്പിക്കുന്നുണ്ട്. സഭയുടെ നിസംഗതയും അലം

ഭാവവും കാരണം ഈ പ്രശ്നത്തിന്റെ രൂക്ഷത വർദ്ധിക്കാനിടയാവരുത്. ഈ രംഗത്ത് വലിയൊരു മുന്നേറ്റത്തിനും സംഭാവനയ്ക്കും സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ തലത്തിൽ സഭയ്ക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ബൈബിളിലെ സൃഷ്ടി വിവരണത്തെ ശരിയായി മനസ്സിലാക്കി, മനുഷ്യൻ പ്രപഞ്ചത്തിന്റെ സംരക്ഷകനും സൂക്ഷിപ്പുകാരനുമാകണം. അതിന് ദൈവീകമാനവുമുണ്ട്. പരിസ്ഥിതി സംബന്ധിയായ പ്രവർത്തനങ്ങൾ ദൈവരാജ്യപ്രക്യയയുടെ മാനവുമാണെന്ന് ഇന്ന് കണ്ടു തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് പരിസ്ഥിതി സംരക്ഷണം ക്രൈസ്തവന്റെ ഒരു ധാർമ്മിക ഉത്തരവാദിത്വവും ആത്മീയതയുമാവണം. മറ്റ് പരിസ്ഥിതി പ്രവർത്തനങ്ങളുമായി സഹകരിച്ചും സഭയുടെ ഈ രംഗങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിച്ചും പരിസ്ഥിതി സംരക്ഷണത്തിന് സഭയ്ക്ക് വലിയ സംഭാവനകൾ നൽകുവാനാകും

**തയ്യാറാക്കിയത്; റവ. ഫാ. ജോസ് മാത്യൂ വയലിൽകളപ്പുര എസ്.ജെ**